പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2016

08/03/2018 ൽ മറുപടിക്ക്

## കെ.എസ്.ഡി.പി ആധുനികവൽക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |

എ) കെ എസ് ഡി പി യെ പുനരുദ്ധരിച്ച് സംസ്ഥാനത്തിനാവശ്യമായ മുഴുവൻ ജീവൻരക്ഷാ മരുന്നുകളും ഉൽപാദിപ്പിക്കുന്ന തരത്തിൽ ആധുനികവൽക്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ;

എ) ഉണ്ട്. മുൻ സാമ്പത്തിക വർഷത്തിൽ കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് ആവശ്യമായിട്ടുള്ളതും കൂടാതെ മറ്റുള്ള സംസ്ഥാനങ്ങൾക്കും ഓപ്പൺ വിപണിയിൽ ആവശ്യമുള്ളതുമായ 20 ഓളം ആന്റിബയോട്ടിക് (കുത്തിവയ്പിനുള്ളത്) മരുന്നുകളുടെ ഉല്പാദനം ആരംഭിക്കുവാൻ സാധിച്ചിട്ടുണ്ട്.

മരുന്നുകൾ, ഭക്ഷ്യഉല്പന്നങ്ങൾ, ആൽക്കഹോൾ മുതലായ വിവിധ ഇനം സാമ്പിളുകൾ പരിശോധന നടത്തുന്നതിനായി അത്യന്താധുനിക സംവിധാനത്തോടെ ഒരു എൻ.എ.ബി.എൽ. അംഗീകൃത ലാബ് 3 കോടി രൂപ ചെലവിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 28.15 കോടി രൂപ നോൺ ബീറ്റാലാക്ടം പദ്ധതിയ്ക്കായി അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ രൂപരേഖ പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ആവശ്യമായ 151 ഇനം മരുന്നുകളും, അവയവ ശസ്ത്രക്രിയ കഴിഞ്ഞ രോഗികൾക്കായി ദൈനംദിനം വേണ്ടിവരുന്ന 7-ഓളം

മരുന്നുകളും ഉല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

2018-19 വർഷത്തിൽ ബഡ്ജറ്റിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ആവശ്യമായ ആന്റിബയോട്ടിക് ഇതര കുത്തിവയ്പ്പ് മരുന്നുകളും, നേത്ര രോഗ സംബന്ധമായ മരുന്നുകളും കൂടി 125 ഇനം മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിനായി 54 കോടിയും, Oncology മരുന്നുകൾക്കായി ആദ്യഗഡു 20 കോടിയും വകയിരുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികളുടെ നിർവ്വഹണം പൂർത്തിയാകുന്ന മുറയ്ക്ക് ഉദ്ദേശ്യം 300 ഇനം മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിന് കെ.എസ്.ഡി.പി.യ്ക്ക് കഴിയുന്നതാണ്.

ബി) വൻകിട മരുന്നുകമ്പനികളുടെ നിലവാരത്തിലേയ്ക്ക് കെ. എസ്.ഡി. പി. യെ ഉയർത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ബി) ഇല്ല. ഉല്പാദനക്ഷമത, ഗുണനിലവാരം, കാലാനുഗതമായ വില്പന തന്ത്രങ്ങൾ എന്നീ ഘടകങ്ങളാണ് വൻകിട മരുന്നുകമ്പനികളുടെ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി കെ.എസ്.ഡി.പി. ഒരുക്കിയിട്ടുള്ളത്. കെ.എസ്.ഡി.പി.യെ വൻകിട കമ്പനികളുടെ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ സാക്ഷ്യപത്രമാണ് എൻ.എ.ബി.എൽ അംഗീകാരം, WHO സാക്ഷ്യപത്രം എന്നിവ നേടാൻ കഴിഞ്ഞത്.

സെക്ഷൻ ഓഫീസർ